File No.LSGD-DC3/500/2016-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ത.സ്വ.ഭ.വ. - വടകര നഗരസഭ - ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - ടെണ്ടർ എക്സസ് അനുവദിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ) നം.**2263/2019/**ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/10/2019

പരാമർശം:- (1) 30.7.2010-ലെ സ.ഉ.(സാധാ)2489/2010/തസ്വഭവ നമ്പർ ഉത്തരവ്

(2) 6.2.17-ലെ സ.ഉ(സാധാ)16/2017/ധന നമ്പർ ഉത്തരവ് .

(3) 30.04.2018-ലെ വടകര നഗരസഭ കൗൺസിലിന്റെ തീരുമാനം നമ്പർ 18

(4) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.08.2019-ലെ ഡിബി4/2904/19/സിഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

വടകര നഗരസഭ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രവൃത്തിക്ക് 6,75,35,000/- രൂപയുടെ ഭരണാനുമതിയും, സംസ്ഥാനതല സാങ്കേതിക സമിതിയുടെ സാങ്കേതികാനുമതിയും ലഭിച്ചിരുന്നു. ടി പ്രവൃത്തിക്ക് ആദ്യ ടെണ്ടർ ക്ഷണിച്ചതിൽ ടെണ്ടറുകൾ ഒന്നും ലഭിച്ചിരുന്നില്ല. റീ-ടെണ്ടറിൽ M/s. ഷെറീഫ് & കമ്പനി 28% അധികരിച്ച നിരക്കിൽ ടെണ്ടർ സമർപ്പിക്കുകയും പരാമർ ശം ( 1 ) ലെ ഉത്തരവ് പ്രകാരം 28% അധിക നിരക്കിൽ പ്രവൃത്തി ടി കമ്പനിക്ക് നൽകുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു.

2. ടി നിർമ്മാണ പ്രവൃത്തി കരാറുകാരനായ M/s. ഷെരീഫ് & കമ്പനി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരിക്കുകയും പ്രവൃത്തിക്ക് 2011 SoR നിരക്കും അതിന്റെ 28% അധികവും അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്ത സാഹചര്യത്തിൽ, നഗരസഭ ഭരണസമിതിയുടെ പരാമർശം-(3)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഷയം സർക്കാർ പരിഗണിക്കുകയും ആയത് നിരസിക്കുകയും ചെയ്തിരുന്നു.

3. വടകര നഗരസഭ ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ ബാലൻസ്

പ്രവൃത്തി പൂർത്തിയാക്കുന്നതിനായി, ബാലൻസ് പ്രവൃത്തിയുടെ അടങ്കൽ തുകയായ 4,42,56,447/- രൂപയ്ക്ക്, വടകര നഗരസഭ 06.02.2018-ൽ "Risk & Cost" ടെണ്ടർ ക്ഷണിച്ചിരുന്നു. പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടറിൽ M/s. ULCCS-ൽ നിന്നും SoR 2009 നിരക്കിനേക്കാൾ 129% അധികരിച്ച നിരക്കിൽ ഏക ടെണ്ടർ ലഭിച്ചിരുന്നു. കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ക്ഷണിച്ച ആദ്യ ടെൻഡർ സിംഗിൾ ടെണ്ടർ ആയതിനാൽ വടകര നഗരസഭ ടി പ്രവൃത്തിക്ക് റീ-ടെണ്ടർ ക്ഷണിച്ചിരുന്നു. പ്രീക്വാളിഫിക്കേഷൻ റീ-ടെണ്ടറിൽ M/s ULCCS വടകര, ശ്രീ.പി.കെ.ബാലൻ പാലേരി എന്നീ കരാറുകാർ ടെണ്ടർ സമർപ്പിച്ചിരുന്നു. അതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.പി.കെ.ബാലൻ പാലേരിയുടെ ടെണ്ടർ തുക 2009 DSR നിരക്കിൽ നിന്നും 94.25% അധികമാണ്.

4. നിലവിലെ മാർക്കറ്റ് നിരക്ക്, 2016 DSR നിരക്ക്, കരാറുകാരൻ quote ചെയ്ത നിരക്ക് എന്നിവ തമ്മിൽ താരതമ്യം നടത്തി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(4) പ്രകാരം ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| അടങ്കൽ തുക SOR 2009 | Quoted Rate SOR 2009 | 2016 DSR | നിലവിലെ മാർക്കറ്റ് നിരക്ക് |
|---|---|---|---|
| 4,42,56,447 | 8,59,67,287.72 (94.25%) | 9,19,75,882 (107.82%) | 11,16,74,272 (152.33%) |

DSR 2016 പ്രകാരം എസ്റ്റിമേറ്റ് തുക = 9,19,75,882
കരാറുകാരൻ ക്വാട്ട് ചെയ്ത തുക = 8,59,67,287.72
DSR 2016 നിരക്കുമായുള്ള വ്യത്യാസം % = (9,19,75,882-85967287.72) X 100 / 9,19,75,882
= 6.53% കുറവ്

ടി പ്രവൃത്തിയ്ക്ക് 2009 SOR നിരക്കിൽ നിന്നും 94.25% ടെണ്ടർ എക്സസ് അനുവദിക്കുന്നതിന് തുടർനടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്.

5 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ പ്രവൃത്തികൾക്ക് DSR 2016 നിരക്കാണ് കണക്കാക്കുന്നത്. ശ്രീ പി.കെ.ബാലൻ പാലേരി എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത തുക നിലവിലെ DSR 2016 നിരക്കിൽ നിന്ന് 6.53% കുറവായതിനാൽ വടകര നഗരസഭ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രവൃത്തിക്ക് 2009 SOR നിരക്കിൽ നിന്നും 94.25% ടെണ്ടർ എക്സസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

ചെയർമാൻ, വടകര മുനിസിപ്പാലിറ്റി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, വടകര നഗരസഭ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (Ref: Dev-3/22/2017-Fin. dated 05.10.2019)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.10.1[illegible]:23 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.